(ബി) മെമ്മോറാണ്ടത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണറിപ്പോർട്ട് ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

TECHNOLOGICAL STUDIES—SELECTION OF CANDIDATES

394. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) സർ അഴകപ്പചെട്ടിയാരുടെ വകയായി ൪,൦൦൦ക.യും, ൩,൦൦൦ക. യും സ്കോളർഷിപ്പ് നൽകി ഇന്ത്യയിലും ഇംഗ്ലണ്ടിലും ഉപരി വിദ്യാഭ്യാസത്തിനു തിരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാം; (ഇന്ത്യയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരേയും ഇംഗ്ലണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരേയും വെവ്വേറെ കാണിക്കണം)

(ബി) ഏതേതു സാങ്കേതിക വിദ്യാഭ്യാസത്തിനാണ് ഇവരെ അയക്കുവാൻ തീർച്ചയാക്കീട്ടുള്ളത്;

(സി) ഇവർ ഓരോരുത്തരുടേയും ലിറ്ററേറി കാളിഫിക്കേഷൻ, ക്ലാസ്സ് ഇവകൾ എന്തെല്ലാം;

(ഡി) ആകെ എത്ര അപേക്ഷകൾ ഗവണ്മെണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്;

(ഇ) തിരഞ്ഞെടുക്കപ്പെടാത്ത അപേക്ഷകർ ആരെല്ലാമെന്നും അവർ ഓരോരുത്തരുടേയും ലിറ്ററേറി കാളിഫിക്കേഷൻ, ക്ലാസ്സ് ഇവകൾ എന്തെല്ലാമെന്നും അവർ ഏതേതു ജാതിക്കാരെന്നും പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൪,൦൦൦ ക. യുടെ സ്കോളർഷിപ്പ് ഏർപ്പെടുത്തീട്ടുള്ളതു ഇംഗ്ലണ്ടിലൊ മറേറതെങ്കിലും പുറംരാജ്യത്തുള്ള സർവ്വകലാശാലകളിലൊ ഉയർന്ന സാങ്കേതിക വിദ്യാഭ്യാസത്തിനാണ്. അതു മിസ്റ്റർ സി. എം. ജൻറണി ബി. ഇ., അസിസ്റ്റണ്ട് എഞ്ചിനീയർ അവർകൾക്കു കൊടുത്തു.

൩,൦൦൦ ക. യുടെ സ്കോളർഷിപ്പ് സർ അഴകപ്പചെട്ടിയാരുടെ വകയായി ഏർപ്പെടുത്തീട്ടില്ല. എന്നാൽ ൩,൦൦൦ ക. യുടെ മറെറാരു Scholarship ഇന്ത്യയിലെ ഏതെങ്കിലും സർവ്വകലാശാലയിൽ ഉയർന്ന സാങ്കേതിക വിദ്യാഭ്യാസത്തിനു ഏർപ്പെടുത്തീട്ടുണ്ട്. അതു പി. എം. ഗോകുലപാലമേനോനു ബി. എസ്സ്.സി. Inspector of Fisheries അവർകൾക്കു നൽകിയിരിക്കുന്നു.

(ബി) ഗവണ്മെണ്ടിൽനിന്നും സ്കോളർഷിപ്പ് കൊടുത്തു ഒരു പ്രത്യേകവിഷയത്തിൽ പഠിക്കുവാനല്ല അയക്കുന്നതു. Scholarship-നു് അർഹരായവരെ തിരഞ്ഞെടുത്തു അവർക്കിഷ്ടമുള്ള സർവ്വകലാശാലയിൽ ഉപരി പഠനത്തിനു് ഈ Scholarship നൽകുകയാണു് ചെയ്തിരിക്കുന്നതു്. മിസ്റ്റർ സി. എം. ജൻറണി ഇംഗ്ലണ്ടിലെ ഏതെങ്കിലും സർവ്വകലാശാലയിൽ Mechanised Agricultural Engineering-ൽ ഉപരിപഠനത്തിനു പോകുവാനാണു് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. എം. ഗോകുലപാലമേനോൻ കൽക്കത്തയിലെ സെൻട്രൽ ഫിഷറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിഷറിയിൽ ഉപരിപഠനത്തിനു ചേർന്നിരിക്കുന്നു.

(സി) മിസ്റ്റർ സി. എം. ജൻറണി ബി. ഇ. (മെക്കാനിക്കൽ ബ്രാഞ്ച്) Literary Qualification—ഇൻറർമീഡിയറു—2nd Class.

(ഡി) മിസ്റ്റർ പി. എം. ഗോകുലപാലമേനോൻ ബി. എസ്സ്.സി. (First Class Zoology.)

(ഡി) ൨ ൽ.

(ഇ) വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇന്നയിന്ന സാങ്കേതിക വിദ്യാഭ്യാസത്തിനു പോകുവാനാണ് സ്ഥാനാർത്ഥികളെ ആവശ്യപ്പെട്ടതെന്നും ആപ്ലിക്കേഷൻസ്സ് ഇൻവയിറ്റ് ചെയ്ത പരസ്യത്തിൽ കാണിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നയിന്ന സാങ്കേതിക വിദ്യാഭ്യാസത്തിനാണു പോകേണ്ടതു എന്നു അവരുടെ അപേക്ഷയിൽ തന്നെ കാണിച്ചിട്ടുണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പരസ്യത്തിൽ ഇന്നയിന്ന സാങ്കേതികവിദ്യാഭ്യാസത്തിനു പോകാനാണ് അപേക്ഷകൾ അയക്കേണ്ടത് എന്നു് കാണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നോട്ടീസ്സു കൂടാതെ പറയാൻ സാദ്ധ്യമല്ല. പക്ഷെ എല്ലാ അപ്പീക്കേഷനിലും ഇന്നായിന്ന പരീക്ഷക്കാണു പോകേണ്ടതു് എന്നു പ്രത്യേകം പറഞ്ഞിട്ടുണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അവർ ആവശ്യപ്പെട്ട പരീക്ഷക്കു അയക്കാൻ വിചാരിക്കുന്നില്ലെങ്കിൽ ഗവമ്മെണ്ടു വിചാരിക്കുന്ന പരീക്ഷായോഗ്യതക്കയക്കുവാൻ കൂടുതൽ പരീക്ഷായോഗ്യത ആവശ്യമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇൻറർമീഡിയറു പരീക്ഷായോഗ്യതയുള്ളവക്കു ഏതു വിധത്തിലുള്ള പരീക്ഷക്കു പോകുന്നതിനും എടുക്കുന്നുണ്ടു്. അവരുടെ ഇംപ്രൂവിമെന്റ്സ്സ് കപാളിഫിക്കേഷൻസ്സ് ഇതൊക്കെ നോക്കിയാണു് സിലക്ടു് ചെയ്യുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇൻറർവ്യൂ കഴിഞ്ഞിട്ടാണോ സെലക്ഷൻ ഉണ്ടായതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ലിസ്റ്റിൽ ശങ്കരനാരായണൻ എന്നാളുടെ പേർ പറഞ്ഞിട്ടുണ്ടു്. അദ്ദേഹം യൂണിവേഴ്സിറ്റിയിൽ First ക്ലാസ്സായി പാസ്സായിട്ടുള്ള ഒരാളാണു്. അദ്ദേഹത്തിന്റെ അപേക്ഷയെ തള്ളി വേറെ വല്ലവരേയും സങ്കേതിക പരിശീലനത്തിനെടുത്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അറിയില്ല. അദ്ദേഹത്തെ, ഫിസിക്സ് റിസർച്ചിനു വല്ല യൂനിവേഴ്സിറ്റിയിലും പറഞ്ഞയച്ചാൽ അതിൽ അദ്ദേഹം ഏക്സ്പർട്ടായിതീർന്നേക്കാം. എന്നാൽ സാങ്കേതിക വിദ്യാഭ്യാസത്തിനു അദ്ദേഹത്തിന്റെ ലിറ്ററി കപാളിഫിക്കേഷൻ അത്ര പറ്റിയതല്ലെന്നാണു് കമ്മിറ്റിയുടെ അഭിപ്രായം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അദ്ദേഹവുമായി ഇൻറർവ്യൂ ചെയ്തോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അദ്ദേഹം ഇൻറർവ്യൂവിനു വന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അദ്ദേഹത്തിനു കത്തയച്ചോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അയച്ചിട്ടുണ്ടാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അദ്ദേഹം യൂണിവേഴ്സിറ്റി പരീക്ഷയിൽ ഒന്നാമനായി പാസ്സായതു ഈ കാര്യത്തിൽ ഒരു ഡിസ് കപാളിഫിക്കേഷനായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇക്കാര്യത്തിൽ അതു് ഒരു കപാളിഫിക്കേഷനായി കണക്കാക്കുകയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അദ്ദേഹത്തെ ഇൻറർവ്യൂവിനു ക്ഷണിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇൻറർവ്യൂ കഴിഞ്ഞശേഷം ഇൻറർവ്യൂവിനു് വരണമെന്നു പറഞ്ഞു ആരെയെങ്കിലും അറിയിച്ചതായി വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഈ കാര്യത്തിൽ അങ്ങിനെ ഉണ്ടായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇൻറർവ്യൂവിനു് എല്ലാവക്കും കത്തയച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : എല്ലാവക്കും കത്തയച്ചു. ഇഷ്ടമുള്ളവർ വന്നു.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : റയിഞ്ചേഴ്സ് കോഴ്സിന്റെ സെലക്ഷനു ജൂലായി ഫ ർ—ാംനു ഗുരുവപേത്തുരിൽ ഹാജരാകണമെന്നു പറഞ്ഞു ജൂലായി ഫ-ാംനു കല്പന കിട്ടിയെന്ന ആക്ഷേപം കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : നോട്ടീസ്സുവേണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ് : അഞ്ചൽ വകുപ്പിന്റെ ചാർജ്ജു് വഹിക്കുന്ന മന്ത്രിയ്ക്കു് ഇതിനെപ്പറ്റി വല്ല വിവരവുമുണ്ടോ?

റാവുസാഹിബു് കെ. അയ്യപ്പൻ : നോട്ടീസ്സു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : മിസ്റ്റർ എ. ആർ. ശങ്കരനാരായണനും, ഇൻറർവ്യൂ കൊടുത്തിട്ടുണ്ടോ എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രി അവർകളും ഒന്നു അന്വേഷിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇൻറർവ്യൂവിനു കത്തയച്ചു, അതിനു വരാൻ സൌകര്യമില്ലായെന്നു പറഞ്ഞു മറുപടി അയച്ചു.

LIBRARY ARCHIVES Kerala Legislative Assembly